File No.TRY/174/2020-F2

ഭരണഭാഷ - മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 13/02/2020

നം.TRY/174/2020-F2

പ്രേഷകൻ
ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്
ജില്ലാ ട്രഷറി ഓഫീസർ,
പാലാ.

സർ,

വിഷയം: ട്രഷറി സ്ഥിരനിക്ഷേപം - നോമിനിക്ക് പലിശ നൽകുന്നത് - സംബന്ധിച്ച്.

സൂചന : 1. താങ്കളുടെ 28.12.2019 ലെ സി3/2019 നമ്പർ കത്ത്.
2. ട്രഷറി ഡയറക്ടറുടെ 27.07.2005 ലെ 9/2005 നമ്പർ സർക്കുലർ.

വിഷയവും സൂചനയും ശ്രദ്ധിക്കുക. സൂചന സർക്കുലർ പ്രകാരം നോമിനിയുടെ അപേക്ഷ പ്രകാരം സ്ഥിരനിക്ഷേപ തുകയുടെ പലിശ നോമിനിയുടെ അക്കൗണ്ടിൽ വരവ് വച്ച് നൽകാവുന്നതാണ്.

വിശ്വസ്തതയോടെ

V SAJAN
JOINT DIRECTOR 1

അംഗീകാരത്തോടുകൂടി

സീനിയർ സൂപ്രണ്ട്

Directorate of Treasuries, Krishna buildings, Thycaud.P.O, Thiruvananthapuram, Kerala 695014
www.treasury.kerala.gov.in, Email:keralatreasury@gmail.com
Ph: 0471-2323963,2322712 , FAX:0471-2324229

നം. എച്ച്2/3347/2005.

ട്രഷറി ഡയറക്ടറേറ്റ്;
തിരുവനന്തപുരം,
തീയതി: 27.7.2005.

## സർക്കുലർ നം. 9/2005

വിഷയം:- ട്രഷറി സ്ഥിര നിക്ഷേപത്തിന്റെ പലിശ നിയമാനുസൃത നോമിനിയ്ക്ക് നൽകുന്നതു സംബന്ധിച്ച്.

സൂചന:- 1. സർക്കാർ കത്തു നമ്പർ 124030/എസ്.ആർ1/04/ധന. തീയതി 13.6.2005.

2. 30.10.2003-ലെ ട്രഷറി ഡയറക്ടറുടെ സർക്കുലർ നം. 24.

* * * * * *

സൂചന രണ്ടു പ്രകാരം നിക്ഷേപകൻ മരണപ്പെടുകയാണെങ്കിൽ, നിക്ഷേപ കാലാവധി പൂർത്തിയാകുന്നതിനു മുൻപോ, കാലാവധി പൂർത്തിയായതിനു ശേഷം അർഹമായ പലിശ സഹിതം, നോമിനിയുടെ ഇഷ്ടാനുസരണം നിക്ഷേപ തുക കൈപ്പറ്റാവുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു.

അപ്രകാരം, കാലാവധി പൂർത്തിയായതിന് ശേഷം മാത്രം നിക്ഷേപം പിൻവലിക്കുന്ന നോമിനിയ്ക്ക് അതുവരെയുള്ള പലിശ തദവസരത്തിൽ മാത്രമേ ലഭ്യമായിരുന്നുള്ളൂ. എന്നാൽ സൂചന ഒന്ന് പ്രകാരം, നിക്ഷേപത്തെ സംബന്ധിച്ചിടത്തോളം നിക്ഷേപകനുള്ള എല്ലാ അവകാശങ്ങളും നോമിനിയ്ക്ക് ഉണ്ടെന്നും; സ്ഥിരനിക്ഷേപം പിൻവലിക്കാതെ തന്നെ നോമിനിയ്ക്ക് മാസംതോറും പലിശ നൽകാമെന്നും സർക്കാർ ഉത്തരവായിരിയ്ക്കുന്നു.

ആയതിനാൽ നിക്ഷേപകന്റെ മരണാനന്തരം ടിയാന്റെ നിയമാനുസൃത നോമിനിയ്ക്ക് തന്റെ ഇഷ്ടാനുസരണം നിക്ഷേപ തുക കാലാവധി പൂർത്തിയാകുന്നതിനു മുൻപുതന്നെ ക്ലോസ് ചെയ്യാവുന്നതോ, സ്ഥിരനിക്ഷേപം പിൻവലിക്കാതെ തന്നെ തുടർന്നും മാസംതോറും നോമിനിയ്ക്ക് പലിശ നൽകാവു

......2

.. 2 ..

നതോ, അല്ലാത്ത പക്ഷം കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അർഹമായ പലിശ സഹിതം ടി നിക്ഷേപം നോമിനിയ്ക്ക് തിരികെ നൽകാവുന്നതോ ആകുന്നു.

(ഒപ്പ്)
ആർ. രാജേന്ദ്രൻ,
ട്രഷറി ഡയറക്ടർ.

പകർപ്പ്:
1. എല്ലാ ജില്ലാ/സബ് ട്രഷറി ആഫീസർമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. ട്രഷറി ഡയറക്ടറുടെ പി.എ-യ്ക്ക്
4. ജോയിന്റ് ഡയറക്ടർ, I, II
5. ഡെപ്യൂട്ടി ഡയറക്ടർ
6. അസിസ്റ്റന്റ് ഡയറക്ടർ
7. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
8. സ്റ്റോക്ക് ഫയൽ

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സൂപ്രണ്ട്

കെ.എസ്/29/7